**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 422** **08-06-2021 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ.യിൽ ചെറുകിട യുണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. അനൂപ് ജേക്കബ് | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | എം.എസ്.എം.ഇ യിൽ ചെറുകിട മേഖലാ യുണിറ്റുകൾ ആരംഭിക്കുന്നതിന് അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം ഫണ്ടിന്റെ അപര്യാപ്തതയാകയാൽ പ്രസ്തുതപ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകുന്നത്; | (എ) | വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തിരം സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് എന്നിവയാണ് പ്രധാനം. സംരംഭക സഹായപദ്ധതി ഈ പദ്ധതി പ്രകാരം ഉത്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% മുതൽ 30% (പരമാവധി 30 ലക്ഷം) ലഭിക്കും. നാനോ ഗാർഹിക സംരംഭങ്ങൾ അധികമായി 6% മുതൽ 8% ബാങ്ക് പലിശ സബ്സിഡി ലഭിക്കും. മാർജിൻ മണി ഗ്രാന്റ് 30% ഉണഭോക്താക്കളും സ്ത്രീസംരഭകരായിരിക്കും. ജനറൽ വിഭാഗം പരമാവധി 3 ലക്ഷം, മുൻഗണനാ വിഭാഗം 4 ലക്ഷം ലഭിക്കും. |
| (ബി) | പ്രസ്തുത മേഖലയിൽ മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് ആരംഭിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | ഉണ്ട്. 2020-21 സാമ്പത്തിക വർഷം മുതൽ മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | കോവിഡ് മൂലമുള്ള ലോക്ഡൗൺ എം.എസ്.എം.ഇ.കളെ ഗുരുതരമായി ബാധിച്ച സാഹചര്യത്തിൽ അവർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | കോവിഡ് 19 മഹാമാരി വരുത്തിവെച്ച ലോക്ക് ഡൗൺ ഉൾപ്പെടെയുള്ള വിവിധ സാഹചര്യങ്ങളുടെ ഭാഗമായി തളർന്നുപോയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയെ കഴിയുന്നത്രയും വേഗം തിരിച്ചു കൊണ്ടുവരുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വ്യവസായ ഭദ്രത. 20/05/2020-ലെ G.O(MS).No 56/2020/ID ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത് 1. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്. 2. |

| | | | |
|---|---|---|---|
| | | | അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് & MSME കൾക്കുള്ള അധിക പ്രവർത്തനമൂലധനത്തിന് പലിശ ധനസഹായം. 3. MSME കൾക്ക് നൽകുന്ന അധിക Term ലോണിനുള്ള പലിശ ധനസഹായം. "സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്" നടപ്പിലാക്കുന്നതിലേക്കായി സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗ രേഖ G.O.(MS) No.103/2020/ID dated 24/11/2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കി വരുന്നു. ആയതിലെ പ്രധാന സവിശേഷതകൾ 1. SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിച്ചു, ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതാണ്. 2. മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ട MSME യൂണിറ്റുകളുടെ പട്ടികയിൽ 'Pharmaceutical industries and health care products manufacturing industries' യൂണിറ്റുകളെ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് അനുവദിക്കുന്ന 15 % നിക്ഷേപ സബ്സിഡിയ്ക്ക് പുറമെ 10% സബ്സിഡി കൂടി അനുവദിച്ചു 3. അനുവദിക്കുന്ന തുകകൾക്ക് ബന്ധപ്പെട്ട ബാങ്കുകളുടെയും/ ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ ESS ന് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം (BDS) നടപ്പാക്കുന്നതിന് തീരുമാനിച്ചു. |
| (ഡി) | എം.എസ്.എം.ഇ.കൾക്ക് കോവിഡ് പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും ഇത് സമയബന്ധിതമായി അവർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോയെന്നും വ്യക്തമാക്കാമോ ? | (ഡി) | എം.എസ്.എം.ഇ.കൾക്ക് കോവിഡ് പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ എമർജൻസി ക്രഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം (ECLGS) ക്രഡിറ്റ് സ്കീം ഫോർ സബോർഡിനേറ്റ് ഡെബ്റ്റ് (CGSSD), പി.എം. എഫ്.എം.ഇ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മേൽ പദ്ധതികൾ സംരംഭകരിലേക്കെത്തിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനും പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേയ്ക്കായി വിവിധ ബാങ്ക് തല സമിതികളിൽ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും വേണ്ട നടപടികൾ വ്യവസായ വാണിജ്യ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ